## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : T 1913 — 22.01.2014-ൽ മറുപടിക്ക്.

# ഇ- കോടതികൾ

ചോദ്യം — ഉത്തരം

ശ്രീ. രാജു എബ്രഹാം — ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

എ) വിവിധ കോടതികളിൽ തീർപ്പാകുവാനുള്ള കേസുകളുടെ എണ്ണം 5 വർഷം വരെ, 5 മുതൽ 10 വർഷം, 10 മുതൽ 15 വർഷം, 15 വർഷത്തിനുമുകളിൽ എന്നിങ്ങനെ തിരിച്ച് വിവിധ കോടതികളുടെ പേരു സഹിതം ലഭ്യമാക്കാമോ ;

(എ).വിവിധ കോടതികളിൽ 1.1.2013 വരെ തീർപ്പാകാനുള്ള കേസുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| കോടതികൾ | 5 വർഷം വരെ | 5 വർഷം മുതൽ 10 വർഷം വരെ | 10 മുതൽ 15 വർഷം | 15 വർഷത്തിനു മുകളിൽ |
|---|---|---|---|---|
| ജില്ലാ കോടതികൾ | 42981 | 1802 | 559 | 60 |
| സബ് കോടതികൾ | 101638 | 7218 | 1206 | 788 |
| മുൻസിഫ് കോടതികൾ | 145576 | 4338 | 1025 | 705 |
| മജിസ്ട്രേറ്റ് കോടതികൾ | 715239 | 18656 | 793 | 78 |
| ഫാസ്റ്റ് ട്രാക്ക് കോടതികൾ | 13551 | 1409 | 58 | 3 |
| സ്പെഷ്യൽ കോടതികൾ | 7981 | 3047 | 15 | 2 |
| എംഎസിടി കോടതികൾ | 98792 | 24051 | 260 | 19 |
| ഫാമിലി കോടതികൾ | 47694 | 588 | 29 | 3 |

ബി) ഇ-കോടതികൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽ നിന്നും സഹായം ലഭിക്കുന്നുണ്ടോ; എന്നു മുതൽ ഈ സഹായം ലഭിക്കുന്നുണ്ട്; ഒരോ വർഷവും എന്തു തുക വീതമാണ് അനുവദിക്കുന്നത്; ഈ തുക ഉപയോഗിച്ച് നാളിതുവരെ എത്ര കോടതികളിൽ ഇ-കോടതി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്: ഇ-കോടതിക്കായി എന്തൊക്കെ

(ബി) ഇ- കോടതികൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും 2008 മുതൽ സഹായം ലഭിക്കുന്നുണ്ട്. ഓരോ വർഷവും ലഭിച്ചതുക

| | |
|---|---|
| 2008-2009 | 2,87,47,000/- |
| 2009-2010 | 92,70,000/- |
| 2010-2011 | 52,34,512/- |
| 2011-2012 | 1,89,66 259/- |
| 2012-2013 | 6,53,002/- |
| 2013-2014 | 4,00,000/- |

ഈ തുക ഉപയോഗിച്ച് നാളിതുവരെ 414 കോടതികളിൽ ഇ-കോടതി സംവിധാനം ഒരുക്കിയിട്ടുണ്ട്.

| | |
|---|---|
| സംവിധാനങ്ങളാണ് കോടതികളിൽ ചെയ്യേണ്ടിവരുന്നത്; എല്ലാ കോടതികളിലും ഈ സംവിധാനം ഏർപ്പെടുത്താൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | ഘട്ടം –I എല്ലാ കോടതി സമുച്ചയങ്ങളിലും ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടി കമ്പ്യൂട്ടർ മുറികൾ നിർമ്മിക്കുക, കമ്പ്യൂട്ടർ ഹാർഡ് വെർ, LAN, പവർ ബാക്കപ്പ്, സിസ്റ്റം സോഫ്ട് വേർ, ആപ്ലിക്കേഷൻ സോഫ്റ്റ് വേർ നൽകുക, ജൂഡീഷ്യൽ ഓഫീസേഴ്സിന് ലാപ്ടോപ്പ്, ഐ.സി.ടി ട്രെയിനിംഗ്, മനുഷ്യവിഭവശേഷി വികസനം തുടങ്ങിയവ ഉൾപ്പെടുന്നു.<br><br>രണ്ടും മൂന്നും ഘട്ടങ്ങളിലായി, വീഡിയോ കോൺഫറൻസിംഗ് സംവിധാനം, റിക്കാർഡ് റൂം ഡിജിറ്റൽ ആർക്കൈവിംഗ്, ലൈബ്രറി മാനേജ്മെന്റ് സിസ്റ്റം, ബയോ മെട്രിക് സൗകര്യങ്ങൾ എന്നിവ നടപ്പിലാക്കും.<br><br>രാജ്യത്താകമാനം 14249 കോടതികൾ മാത്രം ഇ-കോർട്ട് പ്രോജക്ട് നടപ്പാക്കാനാണ് തീരുമാനം. സുപ്രീം കോടതി ഇ-കോർട്ട് കമ്മിറ്റിയുടെ തീരുമാനപ്രകാരം സംസ്ഥാനത്ത് നിശ്ചയിച്ച പരിധിക്കപ്പുറം കോടതികളിൽ ഇതു നടപ്പിലാക്കാനുള്ള സാമ്പത്തിക ബാധ്യത സംസ്ഥാനം വഹിക്കേണ്ടി വരും. |
| സി) ഇപ്രകാരം ലഭിക്കുന്ന തുകയിൽ നാളിതുവരെ ചെലവാക്കാൻ കഴിയാതിരുന്നതുമൂലം നഷ്ടപ്പെട്ട തുക എത്രയെന്ന് വ്യക്തമാക്കാമോ; | (സി) തുകയൊന്നും നഷ്ടപ്പെട്ടിട്ടില്ല. |
| ഡി) ഇ-കോടതി സംവിധാനം ഏർപ്പെടുത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | (ഡി) നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ |
| ഇ) ഇ-കോടതി സംവിധാനം പൂർണ്ണമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (ഇ) ഹൈക്കോടതികളിലും ജില്ലാ കോടതികളിലും ഇ-കോർട്ട് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോടതി രേഖകളുടെ ഡിജിറ്റൈസേഷൻ, വീഡിയോ കോൺഫറൻസിംഗ്, ഡിജിറ്റൽ സിഗ്നേച്ചർ, ബയോ മെട്രിക് ഐഡന്റിഫിക്കേഷൻ, ഹൈക്കോടതികളിലും ജില്ലാ കോടതികളിലും ഡാറ്റാസെന്റർ, ആഡിയോ വീഡിയോ റെക്കോർഡിംഗ് മാനേജ്മെന്റ് സിസ്റ്റം, ഇ-ഫയലിംഗ് ഓഫ് കേസ്, തുടങ്ങി കേസുകളുടെ സ്ഥിതി വിവരം അറിയുവാനുള്ള ഇന്ററാക്ടീവ് വോയ്സ് റിക്കാർഡിംഗ് സിസ്റ്റം വരെയുള്ള വിശദമായ സംവിധാനങ്ങൾ ഹൈക്കോടതി രൂപകൽപ്പന ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ